LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അൻപത് (50) ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായതിൽ കൂടുതൽ (57) ബസ്സുകൾ ചാലക്കുടി ഡിപ്പോയ്ക്ക് അനുവദിച്ചിട്ടുണ്ട്. 50 ഷെഡ്യൂളിന് സാധാരണയായി 55 ബസ്സുകളാണ് അനുവദിക്കാറുള്ളത്.

(ബി) ഷോർട്ട് വീൽ ബെയ്സ് ബസ് മാത്രം സർവ്വീസ് നടത്താൻ പറ്റുന്നതും വലിയ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യാൻ പറ്റാത്തതുമായ റൂട്ടുകളിലെല്ലാം ഷോർട്ട് വീൽ ബെയ്സ് ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(സി) ചാലക്കുടി ഡിപ്പോയിൽ ബസ്സുകൾ കുറവില്ല.

കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ബസ്സുകൾ

168 (5388) ശ്രീ. റ്റി. യു. കുരുവിള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ എത്ര ഷെഡ്യൂളുകളും, എത്ര ബസ്സുകളും ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഡിപ്പോയിൽ നിന്ന് ഓപ്പറേറ്റ് ചെയ്ത് വന്നിരുന്ന കോതമംഗലം-തൊടുപുഴ ഷെഡ്യൂൾ പ്രകാരമുള്ള സർവ്വീസ് നിർത്തിവച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത സർവ്വീസ് നിർത്തലാക്കിയതിനുള്ള കാരണം വ്യക്തമാക്കുമോ ; ഈ ഷെഡ്യൂൾ ഉടൻ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഡിപ്പോയിൽ പുതിയ ബസ്സുകൾക്കും, പുതിയ സർവ്വീസുകൾക്കുമായി നൽകിയിട്ടുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) കോതമംഗലം ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും, പാർക്കിംഗ് ഗ്രൗണ്ട് ടാർ ചെയ്യുന്നതിനുമുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കോതമംഗലം കെ. എസ്. ആർ. ടി. സി ഡിപ്പോയിൽ നിലവിൽ 41 ഷെഡ്യൂളുകളും 44 ബസ്സുകളും ഉണ്ട്.

(ബി & സി) കോതമംഗലം-തൊടുപുഴ 4 ചെയിൻ സർവ്വീസുകളാണുള്ളത്. അതിൽ ഒരെണ്ണം നേര്യമംഗലം-മൂവാറ്റുപുഴ സർവ്വീസ് ആയി പരിഷ്ക്കരിച്ച് നടത്തി വരുന്നു. ബാക്കി 3 എണ്ണം തൊടുപുഴ റൂട്ടിൽത്തന്നെ സർവ്വീസ് നടത്തുന്നുണ്ട്. കോതമംഗലം ഡിപ്പോയിലെ ഏറ്റവും വരുമാനം കുറഞ്ഞ

ഷെഡ്യൂളുകളാണ് തൊടുപുഴ ഷെഡ്യൂളുകൾ. ഈ കാരണത്താൽ ബസ്സിന്റേയോ, ജീവനക്കാരുടേയോ അഭാവം മൂലം ഷെഡ്യൂൾ റദ്ദ് ചെയ്യേണ്ടിവന്നാൽ ആദ്യം റദ്ദ് ചെയ്യുന്നത് തൊടുപുഴ ഷെഡ്യൂളാണ്. അല്ലാതെ കോതമംഗലം-തൊടുപുഴ ഷെഡ്യൂൾ സ്ഥിരമായി റദ്ദ് ചെയ്തിട്ടില്ല.

(ഡി) പുതിയ സർവ്വീസുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ സാദ്ധ്യതാപഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. അതിൻ പ്രകാരം കോതമംഗലം-വെള്ളാരംകുത്ത്, കോതമംഗലം-പൈങ്ങോട്ടൂർ (വാളാച്ചിറ വഴി) എന്നീ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. സാദ്ധ്യതാപഠനത്തിൽ ലാഭകരമായി നടത്തുവാൻ കഴിയുന്ന സർവ്വീസ്സുകളുടെ നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും, ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതുകൊണ്ടാണ് ടി സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയാതിരിക്കുന്നത്.

(ഇ) കോതമംഗലം ഡിപ്പോയിലെ ഓഫീസ് കെട്ടിടത്തിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. നിലവിലുള്ള പാർക്കിംഗ് യാർഡ് ടാർ ചെയ്ത് വൃത്തിയാക്കുന്നതിനും യാർഡ് നവീകരിച്ച് കൂടുതൽ പാർക്കിംഗ് സൗകര്യം ഉണ്ടാക്കുന്നതിനുമുള്ള ടെണ്ടർ ക്ഷണിച്ച് നടപടികൾ പുരോഗതിയിലാണ്.

ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി.ഡിപ്പോയിൽ റിട്ടയറിംഗ് റൂം അനുവദിക്കാൻ നടപടി

169 (5389) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ റിട്ടയറിംഗ് റൂം ഇല്ലാത്തതുമൂലം ജീവനക്കാർക്കുള്ള ബുദ്ദിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുവാൻ ജീവനക്കാർക്ക് റിട്ടയറിംഗ് റൂം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) നിലവിലുള്ള റിട്ടയറിംഗ് റൂം അപര്യാപ്തമാണ്. വനിത കൾക്കായി ഒരു സ്റ്റാഫ് റിട്ടയറിംഗ് റൂം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ജനറേറ്റർ സ്ഥാപിക്കാൻ നടപടി

170 (5390) ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ വൈദ്യുതി പ്രതി സന്ധിമൂലം വിളക്കുകൾ കത്താതെ യാത്രക്കാർക്കും ജീവനക്കാർക്കുമുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly